പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4456 28.6.2012 ൽ മറുപടിയ്ക്ക്

**ആധാരം എഴുത്തുകാരുടെ പെൻഷൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ആധാരം എഴുത്തുകാർക്കുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;<br><br>(ബി) പെൻഷൻ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) യും (ബി) യും. 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ, നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കാൻ ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ ഭൂമിയുടെ ഫെയർ വാല്യു പുനർ നിർണ്ണയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (സി) ഇല്ല. |
| (ഡി) ഈ സർക്കാർ ഭൂമിയുടെ രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി പുനർ നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ ? | (ഡി) ഈ സർക്കാർ കേരള ഫിനാൻസ് ആക്ട്, 2011, കേരള ഫിനാൻസ് ബിൽ, 2012 എന്നിവ പ്രകാരം, 1959 ലെ കേരള മുദ്ര പത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവുകുറികൾ, ധനനിശ്ചയാധാരങ്ങൾ, ദാനാധാരങ്ങൾ എന്നിവയ്ക്ക് ഈടാക്കേണ്ട മുദ്ര വില പരമാവധി 1000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ